**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1150** **11-02-2025 - ൽ മറുപടിയ്ക്ക്**

**കുണ്ടറയിലെ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. സി. വിഷ്ണുനാഥ് | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കുണ്ടറയിലെ ഫിഷറീസ് സർവകലാശാലയുടെ പ്രാദേശിക കേന്ദ്രം പേരയം ഗ്രാമപഞ്ചായത്തിലെ ഒരു വാടക കെട്ടിടത്തിൽ താൽക്കാലികമായി ആരംഭിക്കുന്നതിനായി , പ്രസ്തുത സ്ഥലം ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സന്ദർശിച്ചതിന് ശേഷം എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | 2024-25 സാമ്പത്തിക വർഷം കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് അനുവദിച്ച പദ്ധതി വിഹിതം പ്രാദേശിക കേന്ദ്രം പൂർത്തീകരിക്കുന്നതിന് അപര്യാപ്തമായതിനാൽ കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ തത്ക്കാലം നിർത്തിവെയ്ക്കാനും അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുവാനും സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | പ്രാദേശിക കേന്ദ്രത്തിനുള്ള കെട്ടിട നിർമ്മാണത്തിനായി എം.എൽ.എ. ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള സമ്മത പത്രത്തിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | 2024-25 സാമ്പത്തിക വർഷം കേരള മത്സ്യബന്ധന സമുദ്ര പഠന സർവ്വകലാശാലയ്ക്ക് അനുവദിച്ച പദ്ധതി വിഹിതം പ്രാദേശിക കേന്ദ്രം പൂർത്തീകരിക്കുന്നതിന് അപര്യാപ്തമായതിനാൽ കുണ്ടറ നിയോജകമണ്ഡലത്തിലേയ്ക്ക് ഫിഷറീസ് സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ തത്ക്കാലം നിർത്തിവെയ്ക്കാനും അടുത്ത സാമ്പത്തിക വർഷം പരിഗണിക്കുവാനും സർവ്വകലാശാല രജിസ്ട്രാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും ആവശ്യപ്പെട്ടിട്ടുള്ള രേഖകൾ സമർപ്പിച്ചിട്ടുണ്ടോ എന്നത് വിശദമാക്കാമോ; | (സി) | ആസ്തി വികസന പദ്ധതിയിൽ നിന്നും തുക അനുവദിക്കുന്നതിനുള്ള പ്രത്യേക ഉത്തരവ് ലഭിക്കുന്നതുമായി ബന്ധപ്പെട്ട് ധനകാര്യ വകുപ്പിൽ നിന്നും കത്ത് ലഭ്യമായിട്ടില്ല. |
| (ഡി) | പ്രസ്തുത ഉത്തരവ് സംബന്ധിച്ച് ഫിഷറീസ് സർവ്വകലാശാലയുടെ റിപ്പോർട്ട്/ അനുബന്ധ രേഖകളോ ആവശ്യപ്പെട്ട് ലഭിച്ചിട്ടുള്ള കത്തിന്റെ നമ്പരും തീയതിയും വ്യക്തമാക്കാമോ.; | (ഡി) | ബാധകമല്ല |
| (ഇ) | മേൽ സൂചിപ്പിച്ച കത്ത് പ്രകാരം ധനകാര്യ വകുപ്പിന് മറുപടി നൽകിയിട്ടുണ്ടോ. ഇല്ലെങ്കിൽ ആയതിന്റെ | (ഇ) | ബാധകമല്ല |

| | | | |
|---|---|---|---|
| | കാലതാമസത്തിനുള്ള കാരണം വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ